പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6043 19.11.2019 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരമേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | 2018 -ലെ വെള്ളപ്പൊക്കത്തിനുശേഷം വിനോദ സഞ്ചാരമേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം വളരെയധികമായി കുറഞ്ഞത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | എ) | 2018 -ലെ വെള്ളപ്പൊക്കത്തിനുശേഷം വിനോദ സഞ്ചാരമേഖലയിൽ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞത് അടിയന്തിരമായി മറികടക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. "Post Flood Campaign" ന്റെ ഭാഗമായി It's Time For Kerala എന്ന പരസ്യ പ്രചരണമാണ് സംഘടിപ്പിച്ചത്. ഇന്ത്യയിലെ വിവിധ സിനിമാ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350 ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ച് പരസ്യം പ്രദർശിപ്പിക്കുകയുണ്ടായി. നാഷണൽ ടെലിവിഷൻ ചാനലുകൾ, FM റേഡിയോ എന്നിവ വഴിയും പ്രചരണം നടത്തി. ഡൽഹി, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിയിരുന്നു. ഡിജിറ്റൽ ക്യാമ്പയിൻ, സോഷ്യൽ മീഡിയ, ഓൺലൈൻ പരസ്യ ക്യാമ്പയിൻ " വീഡിയോ ക്യാപ്സ്യൂൾ ടു പ്രമോട്ട് കേരള " എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ച് കഴിഞ്ഞു. മാത്രമല്ല, പ്രളയാനന്തരം മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടത്തിയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുത്ത് കേരള ടൂറിസം മേഖലയുടെ അതിജീവനത്തെക്കുറിച്ചുള്ള |

| | | | |
|---|---|---|---|
| | | | പ്രചരണവും ബോധവൽക്കരണവും നടത്തിയിരുന്നു. വിവിധങ്ങളായ അന്താരാഷ്ട്ര ബി2ബി മീറ്റുകളിലും ട്രേഡ് ഫെയറുകളിലും കേരള ടൂറിസം പങ്കെടുത്തിരുന്നു. ആംസ്റ്റർഡാം, മാഡ്രിഡ്, മിലാൻ ടെൽഅവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചൽസ്, ലണ്ടൻ എന്നിവിടങ്ങളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ പ്രളയാനന്തരം സംസ്ഥാന ടൂറിസം മികച്ച ഉണർവ് നേടി വീണ്ടും പഴയ രീതിയിലേയ്ക്ക് എത്തിക്കഴിഞ്ഞു. |
| ബി) | പ്രസ്തുത നടപടികൾ മൂലം ടൂറിസം മേഖലയിലുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ? | ബി) | പ്രളയാനന്തരം 2018 ആഗസ്റ്റ് മുതൽ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ വരവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെയും വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ